LIBRARY ARCHIVES Kerala Legislative Assembly

വഴക്കാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

211. [215] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ ചെറുകിട വ്യവസായ ഡെപ്യൂട്ടി കമ്മീഷണറുടെ അതിർത്തിയിൽപ്പെട്ട വെമ്പായം പഞ്ചായത്തിൽ വഴക്കാട് എന്ന സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാൻ നടത്തിയ പരിശോധനയുടെ ഫലമെന്തായി ;

(ബി) ഇതേപ്പറ്റി 26-11-1976-ൽ, നമ്പർ 540/76/എം (ഈ ആൻറ് എച്ച്) ആയി ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം ചെറുകിട വ്യവസായ കമ്മീഷണർക്ക് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, ചെറുകിട വ്യവസായ കമ്മീഷണർ ഇതിൻമേൽ എന്തു നടപടി എടുത്തു ?

ഉത്തരം

(എ) ജില്ലാതല പരിശോധന കമ്മിറ്റിയുടെ റിപ്പോർട്ട് തയ്യാറായി വരുന്നു. അതു ലഭിച്ചതിനുശേഷം സ്റ്റേറ്റ് ലവൽ കമ്മിറ്റി വീണ്ടുമൊരു പരിശോധന നടത്തുന്നതും അന്തിമ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(ബി) ഉണ്ട്.

(സി) നടപടികൾ എടുത്തുവരുന്നു.

കയറ്റുമതി ചെയ്യപ്പെടുന്ന കെൽട്രോൺ ഉല്പന്നങ്ങൾ

212. [216] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൻെറ ഏതെങ്കിലും ഉല്പന്നം ഇപ്പോൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഉല്പന്നമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയുടെ കയറ്റുമതിയിലൂടെ ഇതിനകം എത്രരൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റാബിലൈസേഴ്സ്, ക്രിസ്റ്റൽസ്, കൌൺടേഴ്സ് എന്നീ ഉല്പന്നങ്ങളാണ് ഇപ്പോൾ കയറ്റുമതി ചെയ്യുന്നത്.

(സി) ഏകദേശം ഏഴര ലക്ഷം രൂപ വിലയ്ക്കുള്ള ഉല്പന്നങ്ങൾ ഇതുവരെ കയറ്റുമതി ചെയ്തിട്ടുണ്ട്.

നെയ്ത്തു തൊഴിലാളികൾ

213. [217] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെയുള്ള നെയ്ത്തുതൊഴിലാളികൾ എത്ര ;

(ബി) ഇതിൽ കണ്ണൂർ ജില്ലയിൽ എത്ര തൊഴിലാളികൾ ഉണ്ട് ;

(സി) ഊർജ്ജിത കൈത്തറി വികസന പദ്ധതി, കൈത്തറി കേന്ദ്രമായ കണ്ണൂരിൽനിന്നും മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു കൊണ്ട് ;

(ഇ) കൈത്തറി വികസന കോർപ്പറേഷൻ ആസ്ഥാനം എവിടെയാക്കാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 1976-ലെ കണക്കനുസരിച്ച് ഏകദേശം 1,50,000 തൊഴിലാളികളുണ്ട്.

(ബി) 80,000

(സി,ഡി) ഇന്ത്യാഗവൺമെൻറ്,തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ നടപ്പാക്കാൻ ഒരു കൈത്തറി ഊർജ്ജിത വികസന പദ്ധതിയും, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പാക്കാൻ ഒരു കയറ്റുമതി ഉല്പാദന പദ്ധതിയും അനുവദിച്ചിട്ടുണ്ട്. ഊർജ്ജിത വികസനപദ്ധതി കണ്ണൂർ ജില്ലയിലെ നെയ്ത്തുകാർക്കും കൂടി പ്രയോജനപ്പെടത്തക്ക വിധത്തിൽ നടപ്പാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) കൈത്തറി ഫൈനാൻസ് ആൻറ് ട്രെയ്ഡ്സ് കോർപ്പറേഷൻറെ ആസ്ഥാനം കണ്ണൂരിൽ തന്നെ തുടരുന്നതാണ്.

കൈത്തറി വ്യവസായത്തിലെ സ്തംഭനം ഒഴിവാക്കാൻ നടപടി

214. [218] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്നചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കൈത്തറി വ്യവസായത്തിലെ സ്തംഭനം അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികളും ഒപ്പിട്ട ഒരു ഭീമഹർജി ഗവൺമെൻറിന് സമർപ്പിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഹർജിയിൽ എത്ര തൊഴിലാളികളാണ് ഒപ്പിട്ടിരിക്കുന്നത് ;

(സി) ഹർജിയിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) കൈത്തറി വ്യവസായത്തിൽ നിലവിലുള്ള സ്തംഭനം പരിഹരിക്കുന്നതിന് ഗവൺമെൻറ് വല്ല നടപടിയും സ്വീകരിച്ചുവോ ;

(ഇ) ഷെഡ്യൂൾ II-ൽ പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) തൊഴിലാളികളും ഒപ്പിട്ട ഭീമഹർജി ലഭിച്ചിട്ടുണ്ട്, കൂടാതെ,പല മെമ്മോറാണ്ടങ്ങളും ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഒപ്പിട്ടിരിക്കുന്നവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) (മെമ്മോറാണ്ടങ്ങളിൽ ഉന്നയിച്ച ആവശ്യങ്ങൾ താഴെപറയുന്നവയാണ്.)

(1) ക്രെപ്പ് കൈത്തറിക്ക് റിസർവ്വ് ചെയ്യുക.

(2) നൂൽ, ചായം മുതലായവ ന്യായവിലക്ക് ലഭിക്കുവാൻ ഏർപ്പാട് ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly